GE-DA2/315/2023-G.EDN

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഡോ ബിപിൻബാൽ പി കെ, മുൻ വൊക്കേഷണൽ ടീച്ചർ-ഇൻ-റബ്ബർ-ടെക്നോളജി, ജി.വി.എച്ച്.എസ്.എസ്, കോത്തല സമർപ്പിച്ച അപ്പീൽ- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2526/2024/GEDN തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ(വി എച്ച് എസ് വിഭാഗം) ഡയറക്ടറുടെ 10.03.2023 ലെ ഇ1/15929/2023 നം ഉത്തരവ്.
2. ഡോ ബിപിൻബാൽ പി കെ സമർപ്പിച്ച 03.08.2023 ലെ അപ്പീൽ അപേക്ഷ.
3. പൊതു വിദ്യാഭ്യാസ(വി എച്ച് എസ് വിഭാഗം) ഡയറക്ടറുടെ 07.09.2023 ലെ VHSE/1392/2023-E1 നം കത്ത്.

**<u>ഉത്തരവ്</u>**

ഡോ ബിപിൻബാൽ പി കെ, (മുൻ വൊക്കേഷണൽ ടീച്ചർ-ഇൻ-റബ്ബർ-ടെക്നോളജി, ജി.വി.എച്ച്.എസ്.എസ്, കോത്തല) ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്ത പൊതു വിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി) ഡയറക്ടറുടെ പരാമർശം(1) ഉത്തരവിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു.

2. ടി അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ (ഡി എ) വകുപ്പ് അണ്ടർ സെക്രട്ടറി ഡോ ബിപിൻബാൽ പി കെ യെ 03/01/2024 ന നേരിൽ കേൾക്കുകയുണ്ടായി. നേർക്കാഴ്ച വേളയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (വൊക്കേഷണൽ ഹയർ സെക്കന്ററി) പ്രതിനിധിയും ഹാജരായിരുന്നു.

<u>ഡോ ബിപിൻബാൽ പി കെ</u>

3. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ പ്രകാരം പാമ്പാടി ഗവ. വൊക്കേഷണൽ ഹയർ സെക്കൻ്ററി സ്കൂളിൽ റബ്ബർ ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായി 22/06/2007 ൽ ജോലിയിൽ പ്രവേശിച്ചു. 30/06/2007 മുതൽ 30/06/2012 വരെ ശൂന്യവേതനാവധി അനുവദിച്ചതനുസരിച്ച് ഡോക്ടറേറ്റ് പഠനം പൂർത്തിയാക്കി. 02/07/2012 ൽ പാമ്പാടി ജി.വി.എച്ച്.എസ്.എസിൽ തിരികെ റിപ്പോർട്ട് ചെയ്തെങ്കിലും മേൽ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കോത്തല ജി.വി.എച്ച്.എസ്.എസിൽ ജോലിയിൽ പ്രവേശിച്ചു.

4. തുടർന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനായി സ്വീഡനിൽ ജോലിയിൽ പ്രവേശിക്കാനായി 11/12/2012 മുതൽ ശൂന്യവേതന അവധിക്ക് 09/11/2012 ൽ സ്കൂൾ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ 07/12/2012 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ) ഓഫീസിലേക്ക് സ്കൂളിൽ നിന്നും അയച്ചു നൽകുകയും ചെയ്തു. അപേക്ഷ അനുവദിക്കും എന്ന ഉത്തമവിശ്വാസത്തോടെ, സ്വീഡനിലെ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ജോലിക്കായി സമയബന്ധിതമായി പ്രവേശിക്കേണ്ടിയിരുന്നതിനാലാണ്, നാല് മാസത്തിനുശേഷം 2013 മാർച്ച് മാസം സ്വീഡനിലേക്ക് പോകാൻ ഇടയായത്. അപേക്ഷ അനുവദിച്ചു എന്ന ഉത്തമ വിശ്വാസത്തിലാണ് 11/12/2013 മുതൽ രണ്ടു വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചത്. പ്രിൻസിപ്പൽ അവധി അപേക്ഷ ഉചിത മാർഗ്ഗേന അയക്കാതെ നേരിട്ട് ഡയറക്ടറേറ്റിലേക്ക് അയച്ചത് കൊണ്ട് അപേക്ഷ സ്കൂളിലേക്ക് തിരികെ അയക്കുകയും വീണ്ടും ഉചിതമാർഗ്ഗേന അസിസ്റ്റന്റ് ഡയറക്ടറേറ്റ് വഴി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. ടി അപേക്ഷ അനുബന്ധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റൻ്റ് ഡയറക്ടറേറ്റിൽ നിന്ന് പല പ്രാവശ്യം തിരികെ അയക്കുകയും വീണ്ടും സമർപ്പിക്കപ്പെടുകയും ഉണ്ടായി. ആയതിനാൽ അപേക്ഷ ഡയറക്ടറേറ്റിലേക്ക് എത്താൻ ഗണ്യമായ കാലതാമസം ഉണ്ടായി.

5. 18/02/2014 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന്, 11/12/2012 മുതൽ അനുമതിയില്ലാതെ ഒരു വർഷത്തിലധികം ജോലിക്ക് ഹാജരാകാതിരുന്നതിന് കാരണം ബോധിപ്പിക്കാൻ ഒരു മെമ്മോ ലഭിക്കുകയും, അതിന് വിശദമായ മറുപടി സമർപ്പിക്കുകയുമുണ്ടായി. എന്നാൽ വിശദീകരണം തള്ളിക്കളഞ്ഞ് പൊതു വിദ്യാഭ്യാസ

ഡയറക്ടർ 09/12/2015 ൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഈ നോട്ടീസിന് വിശദമായ മറുപടി സമർപ്പിക്കുകയും നേരിൽ കേൾക്കണമെന്ന് അപേക്ഷിക്കുകയുമുണ്ടായി. 09/01/2023 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ വാദങ്ങളൊന്നും പരിഗണിക്കാതെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവാകുകയാണുണ്ടായത്.

6. ശൂന്യവേതനാവധിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിന് തന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. യഥാസമയം സമർപ്പിച്ച അപേക്ഷ ഉചിതമാർഗ്ഗേന പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് അയച്ചിരുന്നെങ്കിൽ ഇത്തരത്തിൽ ഒരു കാലതാമസം ഉണ്ടാകില്ലായിരുന്നു. അങ്ങനെയെങ്കിൽ അപേക്ഷ അനുവദിക്കപ്പെട്ടുമായിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മെമ്മോ ലഭിക്കുമ്പോൾ മാത്രമാണ് ശൂന്യവേതനാവധിക്കുള്ള അപേക്ഷ അനുവദിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയത്. പ്രസ്തുത മെമ്മോയ്ക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടും ശൂന്യവേതന അവധിക്കുള്ള അപേക്ഷ അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചു കൊണ്ടും യഥാസമയം മറുപടി നൽകിയിരുന്നതാണ്. അപേക്ഷ അനുവദിക്കാതിരുന്ന സാഹചര്യത്തിൽ, മടങ്ങി വന്ന് തിരികെ ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധനാണെന്നും അതിന് അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് 11/07/2015 ൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതുമാണ്.

7. മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിങ്ങ്സിലെ 53(6) പ്രകാരം ജോലിയിൽ ഹാജരാകാതിരിക്കുന്ന ഒരാൾക്കെതിരെ സാധാരണ വിധത്തിലുള്ള നടപടി സ്വീകരിക്കാമെങ്കിലും ടിയാളെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്യുകയോ, റിമൂവ് ചെയ്യുകയോ ചെയ്തുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇല്ലാത്ത പക്ഷം ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് തടസ്സമില്ലാത്തതാണ്. ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുകയും അതിന് 2015 മുതൽ പല പ്രാവശ്യം അപേക്ഷിക്കുകയും ചെയ്ത തന്നെ എട്ട് വർഷത്തോളം പുറത്ത് നിർത്തിയ ശേഷം സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവാണ് ഉണ്ടായിട്ടുള്ളത്. തീർത്തും നിരപരാധിയായ തനിയ്ക്ക് നൽകിയ ശിക്ഷ അതികഠിനമാണ്. വൃദ്ധയായ മാതാവിനെ സംരക്ഷിക്കേണ്ട ചുമതല തനിക്കുണ്ട്. ഇപ്പോൾ 49 വയസ്സിന് മുകളിൽ പ്രായമുള്ള തനിക്ക് ഇനി മറ്റൊരു ജോലി അപ്രാപ്യമാണ്. നൽകപ്പെട്ട ശിക്ഷ മൂലം താൻ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ശിക്ഷിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയും, തന്നെ കുറ്റവിമുക്തനാക്കി സർവ്വീസിൽ എല്ലാ വിധ ആനുകൂല്യങ്ങളോടും

കൂടി തിരികെ പ്രവേശിപ്പിക്കുവാൻ നിർദ്ദേശിച്ചും, ഈ അപ്പീൽ അനുവദിക്കണം .

<u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി.</u>

8. ശ്രീ. ബിപിൻബാൽ പി കെ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ശുപാർശ പ്രകാരം പാമ്പാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 22/06/2007 നു റബ്ബർ ടെക്നോളജി വൊക്കേഷണൽ അധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയും 8 ദിവസത്തെ സേവനത്തിനു ശേഷം 30/06/2007 മുതൽ 30/06/2012 വരെ പഠനാവശ്യത്തിനായി കെ എസ്സ് ആർ ഭാഗം I അനുബന്ധം XII ബി പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തു. 02/07/2012 തീയതിയിൽ ടിയാൻ, പാമ്പാടി ജി.വി.എച്ച്.എസ് സ്കൂളിൽ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ പ്രവേശിയ്ക്കുന്നതിനായി റിപ്പോർട്ട് ചെയ്തു എങ്കിലും, ടി സ്കൂളിൽ റബ്ബർ ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപക തസ്തികയിൽ ഒഴിവില്ലാത്തതിനാലും നിയമന അധികാരി അറിയാതെ റിപ്പോർട്ട് ചെയ്തതിനാലും, പ്രിൻസിപ്പാൾ ജോലിയിൽ പ്രവേശിപ്പിക്കാതെ, ടിയാന്റെ തിരികെ ജോലിയിൽ പ്രവേശിക്കാനുള്ള അപേക്ഷ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലേക്കു സമർപ്പിച്ചു. തുടർന്ന് ടിയാന് കോത്തല ജി.വി.എച്ച്.എസ് സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരം കോത്തല ജി.വി.എച്ച്.എസ്.സ്കൂളിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ബിപിൻബാൽ.പി.കെ, കെ.എസ്.ആർ ഭാഗം I അനുബന്ധം XII എ പ്രകാരം 11/12/2012 മുതൽ ഒരു വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് അപേക്ഷിച്ചു. അപേക്ഷ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചത് 10/12/2013 ൽ ആയിരുന്നു. ഇതിന് മേൽ എറണാകുളം വി.എച്ച്.എസ്.ഇ മേഖലാ അസിസ്റ്റൻ്റ് ഡയറക്ടർ നൽകിയ വിശദീകരണം വകുപ്പിന്റെ അനുമതിയില്ലാതെ ഒരു വർഷത്തിലധികമായി ടിയാൻ വിദേശത്ത് തുടരുന്നു എന്നായിരുന്നു. തുടർന്ന് ശ്രീ.ബിപിൻബാൽ.പികെ 11/12/2013 മുതൽ 2 വർഷത്തേയ്ക്ക് കൂടി കെ.എസ്.ആർ ഭാഗം I അനുബന്ധം XII എ പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

9. കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII എ പ്രകാരം 11/12/2012 മുതൽ അവധിയ്ക്കപേക്ഷിച്ച ശേഷം അവധി അനുവദിയ്ക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിച്ചതിന് ശ്രീ.ബിപിൻ ബാൽ.പി.കെ -യ്ക്ക് ചാർജ്ജ് മെമ്മോ നൽകിയിരുന്നു. ടി മെമ്മോയ്ക്ക് നൽകിയ മറുപടിയിൽ അവധി അപേക്ഷ അവധി ആരംഭിക്കുന്നതിന് ഒരു മാസം മുൻപ് പ്രിൻസിപ്പാളിന്

സമർപ്പിച്ചിരുന്നു എന്നും, എന്നാൽ പ്രിൻസിപ്പാൾ അവധി അപേക്ഷയും അനുബന്ധരേഖകളും ഉചിതമാർഗ്ഗേന അയയ്ക്കാതെ നേരിട്ട് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചതിനാൽ ആയത് മടക്കി അയച്ചിരുന്നു എന്നും, പിന്നീട് ഉചിത മാർഗ്ഗേന അയച്ചുമാണ് കാലവിളംബം നേരിടാനുണ്ടായ കാരണമായി പ്രതിപാദിച്ചിരുന്നത്. വിദേശത്ത് അടിയന്തിരമായി കോൺട്രാക്ട് പ്രകാരം ജോലിയിൽ പ്രവേശിക്കേണ്ടതുണ്ടായതിനാലാണ് ശൂന്യവേതനാവധി അനുവദിയ്ക്കുന്നതിന് മുൻപായി വിദേശത്ത് പോകേണ്ടിവന്നതെന്നും ടിയാൻ വ്യക്തമാക്കുന്നു. ആയതിനാൽ ടിയാന്റെ ആകെ 3 വർഷത്തെ, കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII എ പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ച് നൽകണമെന്നും മറുപടിയിൽ അപേക്ഷിച്ചിരുന്നു. ടിയാന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിയ്ക്കുന്ന വിഷയം സംബന്ധിച്ച് സർക്കാരിലേയ്ക്ക് വിശദമായ കത്തയച്ചിരുന്നു. എന്നാൽ ശ്രീ.ബിപിൻ ബാൽ.പി.കെ യുടെ വിശദീകരണം തള്ളിക്കളഞ്ഞ് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചത്.

10. എറണാകുളം മേഖലാ അസിസ്റ്റന്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോത്തല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ റബ്ബർ ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ.ബിപിൻ ബാൽ.പി.കെ വകുപ്പിന്റെ അനുമതി കൂടാതെ അനധികൃതമായി വിദേശത്ത് ജോലി ചെയ്തത് ഗുരുതരമായ ചട്ടലംഘനമാണെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും കാരണം കാണിക്കൽ നോട്ടീസു നൽകുകയും ചെയ്തിരുന്നു. കാരണം കാണിക്കലിനുള്ള മറുപടിയിൽ വകുപ്പ് മേധാവിയുടെ കാര്യാലയത്തിലേയ്ക്കു അപേക്ഷ എത്തുന്നതിൽ കാലതാമസം ഉണ്ടായി എന്ന് ശ്രീ. ബിപിൻബാൽ ആരോപിച്ചിരുന്നു. കൂടാതെ ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിനോട് സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

11. നിലവിലെ അവധികളൊന്നും അനുവദിയ്ക്കാതെ ശ്രീ.ബിപിൻബാൽ 11/12/2015 മുതൽ 3 വർഷത്തേയ്ക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ ശൂന്യവേതനാവധി അപേക്ഷയിൻമേൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് ഇതിൻമേൽ മറുപടി നൽകാൻ കഴിയുകയുള്ളൂ എന്ന വിവരം അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ.ബിപിൻബാൽ.പി.കെ യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്ന നടപടി പൂർത്തിയാക്കിയ ശേഷം അടിയന്തിരമായി റിപ്പോർട്ട് ചെയ്യണമെന്നാണ് സർക്കാരിൽ നിന്നും

28/06/2022 ൽ നിർദ്ദേശം ലഭിച്ചത്.

12. ശ്രീ.ബിപിൻ ബാൽ.പി.കെ, കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിൽ നേരിൽ കേൾക്കണമെന്നാവശ്യപ്പെട്ട പ്രകാരം വി.എച്ച്.എസ്.ഇ വിഭാഗം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മുന്നിൽ 09/01/2023 ന് രാവിലെ 11.30 ന് ഹാജരാകുകയും കാരണം കാണിക്കൽ നോട്ടീസിലെ കുറ്റാരോപണങ്ങൾ സമ്മതിക്കുകയും തെറ്റ് കുറ്റങ്ങൾ മാപ്പാക്കി സർവ്വീസിൽ നിന്നും പിരിച്ചുവിടുന്ന നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിക്കുകയും ചെയ്തിരുന്നു. ടിയാൻ നേരത്തെ സമർപ്പിച്ചിരുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അല്ലാതെ പുതിയ വാദങ്ങളോ തെളിവുകളോ ഒന്നും തന്നെ ഹാജരാക്കിയിരുന്നില്ല.

13. 22/06/2007 തീയതിയിൽ റബ്ബർ ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായി സർവ്വീസിൽ പ്രവേശിച്ച ശ്രീ.ബിപിൻബാൽ.പി.കെ ഇതുവരെ ആകെ 15 ദിവസങ്ങൾ മാത്രമാണ് സ്കൂളിൽ ഹാജരായി ജോലി ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ സ്കൂളിലെ വിദ്യാർത്ഥികൾക്ക് എത്രമാത്രം പ്രയോജനമാണ് ടിയാന്റെ സേവനം കൊണ്ട് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തപ്പെട്ടു. അവധി അനുവദിച്ച ഉത്തരവ് ലഭിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന് വിദേശത്ത് ജോലി ചെയ്തത് ഒരു ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യാഗസ്ഥൻ എന്ന നിലയിൽ ശ്രീ.ബിപിൻബാൽ.പി.കെ യുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അച്ചടക്ക ലംഘനവും, പെരുമാറ്റദൂഷ്യവും, കൃത്യവിലോപവും സർവ്വീസ് നിയമങ്ങളുടെ ലംഘനവുമാണെന്ന് തെളിയുകയും ആയതിനാൽ കോത്തല ഗവൺമെൻ്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ റബ്ബർ ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ.ബിപിൻബാൽ.പി.കെ യെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 13 (ബി) V,കെ എസ്സ് ആർ ഭാഗം I അനുബന്ധം XII എ പ്രകാരവും,അച്ചടക്കനടപടി മാനുവലിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ടും ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടും 03/08/2023 നു ഉത്തരവായിരുന്നു.

14. മേൽ വിഷയം അപ്പീൽ ഹർജിക്കാരന്റെ വാദഗതികൾ, പൊതു വിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി) ഡയറക്ടറുടെ അഭിപ്രായം , നിലവിലുള്ള സർവീസ് റൂളുകളുടെയും അച്ചടക്ക നടപടി സംബന്ധിച്ച 1960 ലെ കെ സി എസ്സ് (സി.സി&എ) റൂളിലെ

പ്രസക്ത ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

15. ശ്രീ. ബിപിൻബാൽ പി കെ കേരള പബ്ലിക് സർവീസു കമ്മീഷന്റെ ശുപാർശ പ്രകാരം പാമ്പാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 22/06/2007 നു റബ്ബർ ടെക്നോളജി വൊക്കേഷണൽ അധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയും 8 ദിവസത്തെ സേവനത്തിനു ശേഷം 30/06/2007 മുതൽ 30/06/2012 വരെ പഠനാവശ്യത്തിനായി കെ എസ്സ് ആർ ഭാഗം I അനുബന്ധം XII ബി പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 28.07.2012 നു തിരികെ സർവീസിൽ പുനഃപ്രവേശിപ്പിച്ചെങ്കിലും അവധി അനുവദിക്കുന്നതിന് മുൻപ് 2013 മാർച്ച മുതൽ വീണ്ടും കെ എസ്സ് ആർ ഭാഗം I അനുബന്ധം XII എ പ്രകാരം അവധിയിൽ പ്രവേശിച്ചു. ആകെ 15 ദിവസ്സം മാത്രമാണ് ജോലിയിൽ ഉണ്ടായിരുന്നത്. അവധി അപേക്ഷയിൽ യഥാസമയം നടപടി കൈക്കൊള്ളാതിരുന്നതാണ് അവധികൾ അനധികൃതമായി കണക്കാക്കാൻ ഇടവന്നതെന്നാണ് അപ്പീൽ ഹർജിക്കാരന്റെ വാദഗതി.

16. 09/11/2012 ൽ കെ എസ്സ് ആർ ഭാഗം I അനുബന്ധം XII എ പ്രകാരം 11/12/2012 മുതൽ ഒരു വർഷത്തേക്ക് അവധിക്കു അപേക്ഷ നൽകുകയും തുടർന്ന് അവധി അനുവദിക്കുമെന്ന കണക്കുകൂട്ടലിൽ 2013 മാർച്ച് മാസം മുതൽ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 11/12/2013 മുതൽ രണ്ടു വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിനു അപേക്ഷ നൽകി. മേല്പറഞ്ഞ അപേക്ഷകളിന്മേൽ യഥാസമയം പൊതു വിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി) വിഭാഗത്തിൽ നടപടി പൂർത്തീകരിച്ചിരുന്നില്ല. 28/06/2022 ൽ നൽകിയ നിർദ്ദേശത്തെ തുടർന്നാണ് നടപടികൾ പൂർത്തീകരിച്ചു ശ്രീ. ബിപിൻബാൽ പി കെ യെ സർവീസിൽ നിന്നും നീക്കം ചെയ്തത്.

17. കെ എസ്സ് ആർ ഭാഗം I അനുബന്ധം XII എ പ്രകാരം നൽകിയിരുന്ന അവധി അപേക്ഷകളിന്മേൽ ഉത്തരവാകുന്നതിനു മുൻപു അവധിയിൽ പ്രവേശിച്ച ശ്രീ. ബിപിൻബാൽ പി കെ യുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനമാണ്. 22/06/2007 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ബിപിൻബാൽ പി കെ ആകെ 15 ദിവസം മാത്രമാണ് സർവീസിൽ ഉണ്ടായിരുന്നത്. ആയതു കൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് ടിയാന്റെ സേവനം ഒരു തരത്തിലും പ്രയോജനപ്പെട്ടിട്ടില്ല. 1960 ലെ കെ സി എസ്സ് (സി.സി&എ) ചട്ടം 15 പ്രകാരം ശ്രീ. ബിപിൻബാൽ പി കെ യെ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് പൊതു വിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കന്ററി) ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനെതിരെ സമർപ്പിച്ചിട്ടുള്ള അപ്പീൽ ഹർജിയിലെ

വാദമുഖങ്ങൾ അംഗീകരിക്കത്തക്കതല്ല.

18. മേൽ സാഹചര്യത്തിൽ 1960 ലെ കെ സി എസ്സ് (സി.സി&എ) ചട്ടം 15 പ്രകാരം കോത്തല ജി.വി.എച്ച്.എസ്.എസ്സ് ലെ മുൻ വൊക്കേഷണൽ ടീച്ചർ-ഇൻ-റബ്ബർ-ടെക്നോളജി ആയിരുന്ന ശ്രീ. ബിപിൻബാൽ പി കെ യെ സർവീസിൽ നിന്ന് നീക്കം ചെയ്ത പൊതു വിദ്യാഭ്യാസ (വോക്കഷണൽ ഹയർ സെക്കന്ററി) ഡയറക്ടറുടെ പരാമർശം(1) ഉത്തരവ് ശരി വെച്ചും അപ്രകാരം ഡോ ബിപിൻബാൽ പി കെ-യുടെ പരാമർശം(2) ലെ അപ്പീൽ നിരസിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEP.S.M

അണ്ടർ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ,വി എച്ച് എസ് വിഭാഗം, തിരുവനന്തപുരം
2. ഡോ ബിപിൻബാൽ പി കെ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
6. വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 03-04-2024 10:27:37

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്